Digital little KITEs Magazine

2018-2019

# ഓളങ്ങൾ



Ganapathy Vilasam High School, Koovappady.

# എഡിറ്റോറിയൽ


സഹൃദയരെ,

വിദ്യാർത്ഥികളുടെ നാനാമുഖമായ കഴിവുകളുടെ ആവിഷ്കാരം ആയിരിക്കണം വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടേണ്ടത്. "മാനസികവും ശാരീരികവും ആത്മീയവുമായ ഉത്തമാംശങ്ങളുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം". ഗാന്ധിജിയുടെ ഈ നിരീക്ഷണം കേവലം പാഠപുസ്തകത്തിന് അപ്പുറത്ത് വിശാലമായ അറിവിന്റെ ലോകമുണ്ട് എന്നതാണ്.

വിദ്യാഭ്യാസത്തിന് അത്രമേൽ വിശാലമായ ഒരു തലം ഉണ്ട്. ഡിജിറ്റൽ മാഗസിനുകൾ ലക്ഷ്യമിടേണ്ടതും ഈ ഒരു തലം കണ്ടെത്താനും വികസിപ്പിക്കാനും ആയിരിക്കണം. നല്ലൊരു ചിത്രവും കാർട്ടൂണും കഥയും കവിതയുമെല്ലാം ആത്മാവിഷ്കാരത്തിന്റെ സദ്ഫലങ്ങളാണ് . ഞാനിവിടെ ജീവിച്ചിരിക്കുന്നുണ്ട് എന്നും ജീവിച്ചിരുന്നുവെന്നും ലോകത്തോട് വിളിച്ചുപറയുകയാണ് അവ. നമ്മുടെ വിദ്യാർത്ഥികളുടെ ആത്മാവിഷ്കാരത്തിന്റെ ഫലമാണ് ഈ ഡിജിറ്റൽ മാഗസിൻ.ഭാഷയുടെയും ടെക്നോളജിയുടെയും സാധ്യതകൾ തിരിച്ചറിയാനും അത് പ്രയോജനപ്പെടുത്താനും കൂടുതൽ ആകർഷകമാക്കാനും ഈ ഡിജിറ്റൽ മാഗസിൻ ഊർജ്ജം പകരുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.



Editor: NIKHIL PHILIP
IX





Priyanka Hareesh
VI



## സന്ദേശം

പ്രിയ വിദ്യാർത്ഥികളേ,

ആധുനികതയുടെ ആഴങ്ങളിൽ സാഹിത്യത്തിന്റെ മുത്തുകൾ തിരയുന്ന കുഞ്ഞു പ്രതിഭകൾക്ക് മാതൃകയാകുവാനും പ്രതിബന്ധങ്ങളുടെ ഓളവും ചുഴിയും പിന്നിട്ട് വിജയതീരമണയുവാനും ഈ ഡിജിറ്റൽ മാഗസിൻ നിമിത്തമാകട്ടെ.

കൂവപ്പടി
29-11-2018

സ്നേഹപൂർവ്വം
ബിജു പോൾ
ഹെഡ്മാസ്റ്റർ.

GANAPATHY VILASAM HIGH SCHOOL 27013 KOOVAPPADY

BIJU PAUL
HEADMASTER
Ganapathy Vilasam High School
Koovappady - 683 544

# ഉള്ളടക്കം


1 മാതൃഭാഷയുടെ പ്രാധാന്യം (ഉപന്യാസം)..........................................7

2 അമ്മ (കവിത)....................................................................................8

3 പെയിൻറിംഗ്.......................................................................................9

4 wonderful mom (കവിത)...................................................10

5 ഡ്രോയിംഗ്.........................................................................................11

6 തേന്മുറും കിനാവ് (കഥ)..........................................................12-13

7 പെൻസിൽ ഡ്രോയിംഗ്.......................................................................14

8 പ്രളയം തകർത്ത കേരളം (കവിത)...................................................15

9 എന്റെ വിദ്യാലയം(ഉപന്യാസം) .........................................................16

10 കാർട്ടൂൺ ...............................................................................................17

11 आज की नारी (കവിത).......................................................................18

12 മഞ്ഞുതുള്ളി (കഥ)................................................................................19

13 വെളുമ്പനും കറുമ്പനും (കഥ)............................................ 20.

14 പെൻസിൽ ഡ്രോയിംഗ് ..................................................21

15 ജന്മദിനം (കവിത) .................................................................................22

16 പെൻ ഡ്രോയിംഗ് ........................................................23

17 അരുതാത്ത സൗഹൃദം (കവിത)......................................24

18 യാത്രാവിവരണം ..................................................... 25-26

19 ഡ്രോയിംഗ്........................................................................ 27

20 ഓർമ്മകളുടെ മണിച്ചെപ്പ് (കവിത) .............................................................28

21 പെൻസിൽ ഡ്രോയിംഗ്.............................................................................29

22 പ്രഭാതം (കവിത)..........................................................30

23 നെഞ്ച് (കവിത)...................................................................................31

24 മലിനമായ തോട്.................................................................32

25 എന്റെ ഉമ്മ........................................................................................................33

26 ഒരു മറ........................................................................34-36

27Art Gallery..........................................................................37-41

## THANKS TO...

| | |
|---|---|
| **EDITOR** | : NIKHIL PHILIP, |
| **EDITORIAL BOARD** | : PAVAN PRAKASH,<br>SABARI NADH K.B.,<br>ABHINAV PRADEEP,<br>JOYAL GREGORY,<br>MEENAKSHY M.S.<br>ASWIN MANOJ<br>DEV PRASAD |
| **PHOTOGRAPHY** | : ADHARSH RAJAN,<br>SABARINADH K.B.<br>AISHA AKBAR |
| **COLLECTION** | : HASSAN K.N.<br>CHACKO JOBY,<br>ALEX BABY<br>ALAN JOY,<br>ANANDHAKRISHNAN K.S.<br>ABHIJITH N.B. |
| **EDITING** | : PAVAN PRAKASH,<br>JOYAL GREGORY,<br>SABARINADH K.B.,<br>SREELEKHA P.V.,<br>AISHA AKBAR,<br>MEERA T. |
| **COVER PAGE** | : NIKHIL PHILIP,<br>SABARINADH K.B.<br>JOYAL GREGORY |
| **ILUSTRATION** | : AMAL SAJI,<br>NIKHIL PHILIP,<br>APARNA MOHAN |
| **VOICE TYPING** | : AISHA AKBAR,<br>MEERA . T ,JOYAL GREGORY<br>SREELEKHA P. V<br>RAJALAKSHMI ,<br>AKHILA GOPI, |

# മാതൃഭാഷയുടെ പ്രാധാന്യം

ഓരോ ജനതയുടെയും സംസ്കാരത്തിന്റെ പ്രതീകമാണ് ഭാഷ .മാതൃഭാഷയുടെ നഷ്ടം ഒരു ജനതയെ സാംസ്കാരികമായ അപചയത്തിലേക്ക് ആണ് നയിക്കുക. അതുകൊണ്ടുതന്നെ ഭാഷയ്ക്കു മേലുള്ള കടന്നുകയറ്റത്തെ നാം പ്രതിരോധിക്കേണ്ടതുണ്ട്. എന്നാൽ ഇന്ന് നമ്മൾ തന്നെയാണ് മാതൃഭാഷയെ അപമാനിക്കുന്നതും വികലമാക്കുന്നതും.

നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ മാധ്യമങ്ങൾ എല്ലാം ഇതിൽ മുൻപന്തിയിൽ നിൽക്കുന്നു. കാലദേശങ്ങൾക്ക് അനുസരിച്ച് ഭാഷയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിൽ ഒരുപരിധിവരെ അപാകതയില്ല.

ഭാഷയെ വികലമായി പ്രയോഗിക്കുന്ന പ്രവണതയെ ശക്തമായി വിമർശിക്കാനും അതിനെതിരെ ജനവികാരം ഉണർത്താനും വർത്തമാന പത്രങ്ങളിലൂടെ കഴിയും. സ്കൂളുകളിൽ ഭാഷാപഠനം നിർബന്ധമാക്കിയും മലയാളഭാഷയിലെ അമൂല്യ രചനകൾ പരിചയപ്പെടാനും ഉള്ള അവസരമൊരുക്കിയും പുതുതലമുറയിൽ ഭാഷാസ്നേഹം വർധിപ്പിക്കാനും സാധിക്കും.

നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സാമൂഹ്യ മൂല്യങ്ങളുടെ ഫലമായി നമുക്ക് മാതൃഭാഷയോടുള്ള സ്നേഹത്തിന് അതിരു കല്പിച്ചിരിക്കുന്നു. മാതൃഭാഷയെ വീണ്ടെടുക്കുക വഴി നഷ്ടപ്പെട്ട സാംസ്കാരികമായ മൂല്യങ്ങളെയും തിരിച്ചു പിടിക്കാൻ നമുക്ക് സാധിക്കും.



Ananthalakshmi.T.S

X


# അമ്മ...

അമ്മ എന്ന രണ്ടക്ഷരത്തിൻ
പൊരുൾ ദിവ്യമാം വാത്സല്യം എന്ന്
സ്നേഹനൊമ്പരങ്ങൾ കോർത്തി -
ണക്കിയപ്പോൾ ആ അനുഭവമെൻ അമ്മ
അമ്മ , എൻ പ്രിയ കൂട്ടുകാരി
അമ്മയെൻ നിത്യ സൗഭാഗ്യം
ആവില്ലെനിക്കൊരു നാളു പോലും
തള്ളിനീക്കാൻ എന്നമ്മയെ കൂടാതെ
ദുഃഖത്തിൻ  മുള്ളുകൾ എന്നെ
തറയ്ക്കുമ്പോൾ, അമ്മതൻ
ആർദ്രമാം പുഞ്ചിരി എന്റെ
ശിരസ്സിൽ തലോടുന്നു
ജീവിതമെന്നത് ഉത്ഭവിച്ച -
തെന്നും അമ്മയിൽ നിന്നുതന്നെ
ആകാശംമുട്ടെ വളർന്നാലും
മറക്കരുത് ഈ ദിവ്യ രൂപത്തെ
പെറ്റമ്മ തൻ സ്നേഹം
തിരിച്ചറിയാതെ മൃഗതുല്യ -
രാവരുത് നാം, ആ പരിശുദ്ധ
സ്നേഹത്തെ കാത്തുസൂക്ഷിക്കാം.





Archa Ramachadran
VII






Abhirami Babu

VIII


# Wonderful Mom

My mother is very sweet
like a Honey....
my mother gives me
food yummy yummy.....
for fill my tummy tummy
I love my mother
like the sky....
I love my mother so much
my mother is very bright
like sunlight.....
I love my mother again and again.





Megha priya Pradeep
VI





Snehajitha
IX

# തേന്മാറും കിനാവ്

ഒരിടത്തൊരിടത്ത് ഒരു മാജിക് ലോകമുണ്ടായിരുന്നു. അവിശ്വസനീയമായ ഒരു ലോകം. അവിടെ ജീവിക്കുന്ന കുട്ടികളായിരുന്നു ആലീസും ആനിയും. അവർ ആ മാജിക് ലോകത്തിലെ കുസൃതി കുട്ടികളായിരുന്നു.

ഒരിക്കൽ ആലീസും ആനിയും പാർക്കിൽ കളിച്ചുകൊണ്ടിരിക്കുമ്പോൾ കല്ലിൽ തട്ടി അവൾ വീണു അവളുടെ കാൽമുട്ടിൽ മുറിവുണ്ടായി. അവൾ വേദനകൊണ്ട് കാറി കൂവി. ഇതുകേട്ട് മറ്റുള്ളവർ അവളെ ആശുപത്രിയിലെത്തിച്ചു.

ആനി ഞെട്ടിയുണർന്നു അപ്പോളാണ് അവൾക്ക് മനസ്സിലായത് ഇതെല്ലാം ഒരു സ്വപ്നമായിരുന്നു എന്ന് . എന്നാൽ അന്ന് അവൾ ആലീസിനും കൂട്ടുകാർക്കും ഒപ്പം സ്വപ്നത്തിൽ കണ്ട അതെ കളി കളിച്ചു . അത്ഭുതം, അവൾ വീണു കാൽമുട്ട് പൊട്ടി. സ്വപ്നത്തിലെ പോലെ പിന്നീട് എല്ലാ ദിവസവും സ്വപ്നം കാണുന്നതെല്ലാം പിറ്റേന്ന് സംഭവിക്കുമായിരുന്നു. ആ മാജിക് നാട്ടിലെ മാജിക് ആണിത് എന്ന്ആനി വിശ്വസിച്ചു. ഒരിക്കൽ അവൾ രാവിലെ എഴുന്നേറ്റപ്പോൾ ഒരു കാഴ്ച കണ്ട് ആശ്ചര്യപ്പെട്ടു. അവൾ , തലേന്ന് നട്ട മാവ് വളർന്നുവളർന്ന് ആകാശം മുട്ടിയിരിക്കുന്നു. അതിന്റെ ചില്ലയിൽ നിറയെ മാമ്പഴം. അവൾ മാവിൽ കയറാൻ തുടങ്ങി .കയറി കയറി അവൾ ആകാശത്തിൽ എത്തി മേഘത്തിൽ അള്ളിപ്പിടിച്ചിരുന്നു.



മേഘം കൊണ്ട് അവൾ ഒരു വീടുണ്ടാക്കി. അതിൽ മേഘക്കട്ടിൽ,മേഘപ്പാവ, മേഘം കൊണ്ട് നിർമ്മിച്ച വസ്തുക്കൾ മാത്രം. അവൾ അതിൽ സുഖമായി താമസിച്ചു. മേഘ മിഠായി കഴിച്ചു,മേഘക്കാറിൽ യാത്ര ചെയ്തു , മേഘക്കാർ അവളെ ചന്ദ്രന്റെ അടുത്തെത്തിച്ചു .ചന്ദ്രന്റെ മടിയിൽ അവൾ ഊഞ്ഞാലാടി. മഴവില്ലിൽ ഊർന്നിറങ്ങി അവൾ കളിച്ചു രസിച്ചു. അങ്ങനെ നടന്നപ്പോൾ അതാ അവിടെ ഒരു കൂട്ടം മിന്നാമിന്നികൾ. ഹായ്! അവൾ അവിടേക്ക് ഓടിച്ചെന്നു.

അപ്പോഴാണ് അവൾ ശ്രദ്ധിച്ചത് അത് മിന്നാമിനുങ്ങ് അല്ല നക്ഷത്രങ്ങളാണ്. നക്ഷത്രങ്ങൾ ഉപയോഗിച്ച് കമ്മലും വളയും മാലകളും മറ്റും ഉണ്ടാക്കി അണിഞ്ഞു. ഒരെണ്ണം ആലീസിനും കൊടുക്കാൻ മേഘപ്പൊതിയിൽ പൊതിഞ്ഞെടുത്തു. അവൾ അമ്പിളി അമ്മാവന്റെ പുറത്തുകയറി യാത്ര ചെയ്തു. ഭൂമി, ശുക്രൻ, ബുധൻ, എല്ലാ ഗ്രഹങ്ങളും, ഉപഗ്രഹങ്ങളും കണ്ടു . ആകാശമാകെ യാത്ര ചെയ്തതിനുശേഷം അമ്പിളി അമ്മാവൻ അവളെ മേഘവീട്ടിൽ കൊണ്ടുവന്നാക്കി. രാത്രിയായപ്പോൾ ഒരു ശബ്ദം കേട്ട് ഞെട്ടിയുണർന്ന അവൾ മേഘ ക്കട്ടിലിൽനിന്നും താഴേക്കു നോക്കി. താഴെയുള്ള മേഘങ്ങളിൽനിന്നും മഴപെയ്യുന്നു. താൻ നിൽക്കുന്ന മേഘം മഴമേഘം അല്ല . ഇങ്ങനെ മായക്കാഴ്ചകൾ കണ്ടു കണ്ട് സമയം പോയത് അവൾ അറിഞ്ഞില്ല. അമ്പിളി അമ്മാവന്റെ പുറത്തുകയറി അവൾ വീണ്ടും തന്റെ മാവിന്റെ മുമ്പിലെത്തി ,തലേന്ന് കണ്ട സ്വപ്നം പോലെ..........



Saalini T.S

VIII





Nimisha Suresh

VIII

# പ്രളയം തകർത്ത കേരളം



പ്രളയം തകർത്തൊരാ കേരളമണ്ണിൽ

കുഞ്ഞിൻ കരച്ചിൽ ബാക്കിയാകുന്നു..

പ്രകൃതിയും കടലും ക്ഷോഭിച്ചു കൊണ്ട്

കരയുമ്പോൾ കേരളം പ്രളയക്കെടുതിയിൽ.

വൃക്ഷങ്ങൾ വെട്ടി നശിപ്പിക്കുമ്പോൾ ഓർക്കു

മഴയെന്ന കാമുകി പ്രകൃതിക്കുണ്ടെന്ന്

പ്രളയം തകർത്തൊരാ വീടുകൾ കാണുമ്പോൾ

കുഞ്ഞിൻ തൻ പുഞ്ചിരി മായുന്നു

പ്രളയം ജീവനെടുത്ത മനുഷ്യരുടെ

വീട്ടിൽ കരച്ചിൽ ബാക്കിയാകുന്നു.

പ്രളയം തകർത്തൊരു കേരള മണ്ണിൽ

മാലിന്യം മാത്രം ബാക്കിയാവുന്നു.



Vinaya.R.Nair

VI

# എന്റെ വിദ്യാലയം



ക്കുവപ്പടി എന്ന കൊച്ചു ഗ്രാമത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കു മൂല്യവത്തായ കയ്യൊപ്പുകൾ നൽകിയ സരസ്വതി ക്ഷേത്രം. ആയിരങ്ങൾക്ക് അക്ഷര വെളിച്ചം വിതറിയ കുവപ്പടിയെ ഉന്നത നിലവാരത്തിലേക്ക് നയിച്ച വിദ്യാലയം. മധുരിതമായ ഓർമ്മകളെ എന്നെന്നും സമ്മാനിച്ച പാഠശാല. കുവപ്പടിയുടെ മണ്ണിന് പുത്തനുണർവ് സമ്മാനിച്ച നമ്മുടെ വിദ്യാലയം..... ഗണപതി വിലാസം ഹൈസ്കൂൾ.

വിദ്യാഭ്യാസ കാലഘട്ടത്തിലെ മധുരമായ ഓർമ്മകൾ നൽകിയ മുത്തശ്ശി മാവും നെല്ലി മരങ്ങളും അവ പകർന്നു നൽകിയ കുളിർമയും മറക്കാനാവാത്തതാണ്. പാഠപുസ്തകത്തിലെ അറിവുകൾ പകർന്നുതരുന്നതിലുപരി പ്രകൃതി എന്ന പുസ്തകത്തിലെ ആശയങ്ങൾ ഏറ്റവും നന്നായി വിദ്യാർത്ഥികളിലേക്ക് ഗണപതി വിലാസം പകരുന്നു. സ്കൂൾ അങ്കണത്തിലെ കാഴ്ചകൾ നമുക്ക് ഊർജ്ജം പകരുന്നവയാണ്.



Ananthalakshmi.T.S

X





Anjo Sabu

VI

# आज की नारी



नारी! आज तुम अशांत
और असुरक्षित हो
जिन्हें  तुम्हारी रक्षा करना है
वे अंधा बन गए हैं
अपनी रक्षा तुम्हें
स्वयं करना है
तलवार से तुम्हें
दुष्टों को खतम करना है




Megha P
VIII

# മഞ്ഞുതുള്ളി

കടുത്ത മഞ്ഞുള്ള ആ വെളുപ്പാൻകാലത്ത് ഇടവഴിയിലൂടെ നടന്നകന്നപ്പോൾ ആരോ എന്നെ വിളിച്ചു. തിരിഞ്ഞുനോക്കിയ ഞാൻ കണ്ടത് ഒരു മഞ്ഞുതുള്ളി.

സൂര്യന്റെ കിരണങ്ങളെ തന്നിലേക്ക് ഏറ്റുവാങ്ങി ഒരു വജ്രത്തെപ്പോലെ വെട്ടിത്തിളങ്ങുന്നു. സൂര്യന്റെ കിരണങ്ങൾക്ക് ചൂട് കൂടിക്കൊണ്ടിരുന്നു. അതവളെ പതുക്കെ പതുക്കെ അവിടെനിന്നും മാഞ്ഞ് കൊണ്ടിരിരുന്നു. അവൾ കാഴ്ചയിൽ നിന്നും തീർത്തും പോയിമറഞ്ഞിരിക്കുന്നു.



വീണ്ടും അവളെ കാണാൻ ഞാൻ ആഗ്രഹിച്ചു. പിറ്റേ ദിവസവും ഞാൻ പതിവ് പോലെ അവളെ കാണാൻ വേണ്ടി മാത്രം ആ വഴിയിലൂടെ വീണ്ടും പോയി .അവളെ ഞാൻ ഒരുപാട് സ്നേഹിച്ചിരുന്നു.


അവളെ കാണാൻ ഇല്ല. അവൾ എന്നെ വിട്ടുപോയി. ഞാൻ എന്റെ ജീവനുതുല്യം സ്നേഹിച്ചിരുന്ന അവൾ എന്നെ വിട്ടുപിരിഞ്ഞുപോയി. അവളുടെ തിളങ്ങുന്ന കണ്ണുകൾ എന്റെ മനസ്സിൽ നിന്ന് മായുന്നില്ല. എന്നാൽ അവൾ പോയി കഴിഞ്ഞപ്പോഴാണ് എനിക്ക് മനസ്സിലായത് ഞാൻ അവളെ എത്രമാത്രം സ്നേഹിച്ചിരുന്നു എന്ന്.അവളെ വീണ്ടും ഒരു നോക്കു കാണുവാൻ മഞ്ഞുകാലം നോക്കി ഞാൻ ഇരിക്കുന്നു. അവൾ വീണ്ടും വരും എനിക്ക് വേണ്ടി , എനിക്കുവേണ്ടി മാത്രം.



Ahalya Ramachandran
V

# വെളുമ്പനും കറുമ്പനും

വെളുത്ത ആടും കറുത്ത ആടും ഉണ്ടായിരുന്നു. വെളുത്ത ആടിന് കറുത്ത ആട് കൂടെ നടക്കുന്നത് ഇഷ്ടമല്ലായിരുന്നു. ഒരുദിവസം വെളുത്ത ആട് കറുത്ത ആടിനോട് പറഞ്ഞു . നീ ഇനിമുതൽ എന്റെ കൂടെ നടക്കേണ്ട. ഞാൻ തന്നെ പൊയ്ക്കോളാം. കറുത്ത ആടിന് അത് സങ്കടമായി. ഇതും പറഞ്ഞ് വെളുത്ത ആട് കാട്ടിലേക്ക് നടന്നു.
കറുത്ത ആട് വെളുത്ത ആടിനോട് പറഞ്ഞു; 'ചേട്ടാ അവിടെ ചെന്നായ ഉണ്ട്.' ഭീകരനായ ചെന്നായ ആണെന്നാണ് പറഞ്ഞു കേട്ടത്. ഇതൊന്നും കേൾക്കാത്ത പോലെ വെളുത്ത ആട് നടന്നുനീങ്ങി. വെളുത്ത ആട് ചെന്നുപെട്ടത് ചെന്നായയുടെ മുന്നിൽ. ചെന്നായ വെളുത്ത ആടിനോട് ചോദിച്ചു: 'നിന്റെ തലയിൽ എന്താ , നെഞ്ചിൽ എന്താ?'. വെളുത്ത ആട് പറഞ്ഞു എന്റെ തലയിൽ കുഞ്ഞിക്കൊമ്പും നെഞ്ചിൽ നിറയെ പേടിയുമാണ്. ചെന്നായ മനസ്സിൽ വിചാരിച്ചു 'ഇങ്ങനെയുള്ളവനെയാണ് എനിക്ക് ആവശ്യം.'




കുറച്ചുനേരം കഴിഞ്ഞപ്പോൾ വെളുത്ത ആടിനെ അന്വേഷിച്ച് കറുത്ത ആട് വന്നു. കറുത്ത ആടും ചെന്നുപെട്ടത് ചെന്നായുടെ മുന്നിൽ . കറുത്ത ആട് പതറാതെ ധൈര്യത്തോടെ നിന്നു.

ചെന്നായ കറുത്ത ആടിനോട് ചോദിച്ചു, 'നിന്റെ തലയിൽ എന്താ, നെഞ്ചിൽ എന്താ'? കറുത്ത ആട് പറഞ്ഞു.
എന്റെ തലയിൽ കൂർത്ത കൊമ്പും നെഞ്ചിൽ ധൈര്യവും. ഇതുകേട്ട് ചെന്നായപേടിച്ച് ഓടി. വെളുത്ത ആട് കറുത്ത ആടിനോട് നന്ദി പറഞ്ഞു. നാണത്തോടെ തിരിച്ചു നടന്നു. നമ്മൾ ഒരിക്കലും മറ്റുള്ളവരെ കുറ്റപ്പെടുത്തരുത്. ഒരിക്കൽ അവരായിരിക്കും നമ്മളെ ആപത്തിൽ നിന്നും രക്ഷിക്കുന്നത്.



Nayan Biju
VI





Aleena Biju


VII

# ജന്മദിനം

ഒരുദിനം നാം ജനിച്ച ഭൂവിൽ,
ഒരു കുഞ്ഞു പുഷ്പത്തിൻ വിത്ത് ഉണർന്നു
ആയിരം കുഞ്ഞുമൊട്ടിൻ പ്രകാശം
ഒരു പൂവിൻ ജനനത്തിൽ നാം കണ്ടു.

ഒരു വർഷക്കാലത്തിൽ നാം സഹിച്ച
വേദനകൾ കൊണ്ടുള്ള പത്തു മാസം
അമ്മതൻ നെഞ്ചകത്തിൽ വസിപ്പിൻ
മിഴി രണ്ടും തുറന്നൊരു കുഞ്ഞു പൂവ്.

ഭൂമിതൻ മടിത്തട്ടിൽ ജീവൻ ഉടലെടുത്ത
ഒരു കുഞ്ഞു പൂവിന്റെ ജന്മദിനം,
നമ്മളെല്ലാവരും ഓർമിക്കുന്ന ഒരു ദിനമാണ്
ജന്മദിനം ഒരു ദിനമാണ് ജന്മദിനം.





Anjitha Vijayan
VI





Angel Rose Baiju

IX

# അരുതാത്ത സൗഹൃദം

മദ്യം കുടിപ്പിച്ച് ആടുന്ന സൗഹൃദം
മുന്നിലെത്തുമ്പോൾ പുകഴ്ത്തുന്ന സൗഹൃദം
പിന്നിലൊരു സ്വാർത്ഥക്കുടുക്കുള്ള സൗഹൃദം
കേവലനായ ഒരു നിന്നെയല്ല ,നിന്റെ ഏതോ
തിളക്കം അടുപ്പിച്ച സൗഹൃദം,
സാന്നിദ്ധ്യമില്ലാത്ത സൗഹൃദ കൂട്ടത്തിൽ
പോരായ്മ ഊറ്റി തിമിർക്കുന്ന സൗഹൃദം
ഒപ്പം നടക്കുമ്പോൾ ഉള്ളിലെ സൗഹൃദം
ചൂടിനാൽ പൊള്ളി നോവാത്തൊരു പൊങ്ങച്ച സൗഹൃദം
വേണ്ടാത്ത സൗഹൃദ ലോകത്തിലെൻ
നേരവും നേരും അലിഞ്ഞസ്തമിക്കവെ
നേർത്ത തേങ്ങൽ പോലെ ആർദ്രമാം സൗഹൃദം
കാത്തിരിപ്പാണ് എന്നെ രാത്രി മായുമ്പോഴും.





Anjana Biju
VIII

# യാത്രാവിവരണം



 രാവിലെ ഒമ്പതുമണിയോടെ ഞങ്ങൾ യാത്ര ആരംഭിച്ചു. കോടനാട്  ആനക്കളരിയിലേക്ക് ആയിരുന്നു ഞങ്ങളുടെ യാത്ര. എന്റെ കൂട്ടുകാരൻ കാർത്തികേയനും കൂടെയുണ്ടായിരുന്നു. 9:45 ഓടെ ഞങ്ങൾ ആനക്കളരിയിലെത്തി . ഞങ്ങൾ വന്ന വാഹനത്തിൽ നിന്നും ആനക്കളരി കാണാനായി നീങ്ങുമ്പോൾ അവിടെ  പഴയ മരങ്ങൾ കൊണ്ട് നിർമ്മിച്ച ഒരു വലിയ കൂട് .ആ കൂടിന് ഇപ്പോഴും ഉരുക്കിന്റെ ബലമുണ്ട്.. കൂട്ടിൽ നെഞ്ചുംവിരിച്ച് നിൽക്കുന്ന കറുമ്പൻ കുട്ടി കേശവൻ. അവിടെ നിന്നും തിരിച്ച പോകുന്ന നേരത്ത് കുട്ടികൾക്ക് കളിച്ചുല്ലസിക്കാനായി പാർക്കും അതിനടുത്ത ഒരു വിശ്രമകേന്ദ്രവും ഉണ്ട്. ഇനിയും സ്ഥലങ്ങൾ സന്ദർശിക്കാൻ ഉള്ളതുകൊണ്ട് ഞങ്ങൾ വേഗം യാത്ര തിരിച്ചു.

ആനക്കളരിയിൽ നിന്നും ഏകദേശം മൂന്നോ നാലോ കിലോമീറ്റർ അകലെയാണ് കപ്രിക്കാട് എന്ന വിനോദസഞ്ചാര കേന്ദ്രം. ഞങ്ങൾ 11: 30 ഓടെ അവിടെയെത്തി. പാസെടുത്ത് അകത്തേക്ക് കയറുമ്പോൾ ആദ്യം കാണുന്നത് ചിത്രശലഭ പൂന്തോട്ടമാണ് . അവിടെ കൂറ്റൻ മരങ്ങളിൽ നിർമിച്ച ഏറുമാടങ്ങളും, അവിടെ ആർത്തുല്ലസിക്കുന്ന കുരങ്ങന്മാരും. ഇതിന്റെ പിന്നിൽ ആയിട്ടാണ് പെരിയാർ ഒഴുകുന്നത്. മാനുകളെ അവിടെ പരിപാലിക്കുന്നുണ്ട്. അതിനൊപ്പം ഞാനും കാർത്തികേയനും ഒരു ചിത്രം എടുത്തതിനുശേഷം ഞങ്ങൾ യാത്രതിരിച്ചു.

അവിടെ നിന്നും നേരെ ചരിത്രപ്രസിദ്ധമായ മലയാറ്റൂർ മലയിലേക്ക്. നല്ല വിശപ്പുണ്ടായിരുന്നു. ഞങ്ങൾ ഭക്ഷണം കഴിച്ചു. ഉച്ചഭക്ഷണത്തിനുശേഷം ഞങ്ങൾ മലയാറ്റൂർ മലയുടെ അടിവാരത്ത് എത്തി. നിറഞ്ഞുകിടക്കുന്ന തടാകത്തിൽ ബോട്ടിങ്ങിന് പോകാൻ തീരുമാനിച്ചു. ബോട്ടിൽ കയറിയതും കാർത്തികേയൻ പേടിച്ച് അലമുറ ഇടാൻ തുടങ്ങി. ഞാൻ കാർത്തികേയനെ ആശ്വസിപ്പിച്ചു. ബോട്ടിംഗ് കഴിഞ്ഞതിനുശേഷം ഒരു കൂട് മെഴുകുതിരിയുമായി ഞങ്ങൾ മലകയറാൻ തുടങ്ങി. ഒന്നാം സ്ഥലം മുതൽ പതിനാലാം സ്ഥലം വരെ വളരെ പ്രയാസപ്പെട്ട് കയറിത്തീർത്തു. മുകളിൽ ചെല്ലുമ്പോൾ മരത്താൽ പണിതെടുത്ത കുരിശുകൾ കൂട്ടിയിട്ടിരിക്കുന്നു. വിശുദ്ധമായ പള്ളിയിലേക്ക് ഞങ്ങൾ കയറി. കുറച്ചുനേരം അവിടെയിരുന്ന് പ്രാർത്ഥിക്കുകയും അതിനുശേഷം അത്ഭുത കിണറിൽ നിന്ന് വിശുദ്ധജലം കുടിക്കുകയും ചെയ്തു. അവിടെനിന്നും പൊന്നിൻ കുരിശിന്റെ അടുത്തേക്ക് നീങ്ങുകയും ചെയ്തു. പൊന്നിൻ കുരിശിന്റെ അടുത്ത് ചെന്നതും ഞങ്ങൾ അത്ഭുതത്തോടെ നോക്കിനിന്നു. നേരെ ഞങ്ങൾ കാൽപാദത്തിന്റെ അടുത്തേക്ക് നടന്നു. കാൽപാദം കണ്ടതിനുശേഷം അവിടെ നിൽക്കുമ്പോൾ കുളിരുള്ള കാറ്റ് വീശുന്നുണ്ടായിരുന്നു. അവിടെനിന്നും ദൂരേക്ക് നോക്കിയപ്പോൾ ഉറുമ്പുകൾ നീങ്ങുന്നതു പോലെയായിരുന്നു വാഹനങ്ങൾ നീങ്ങിയിരുന്നത്. മലയിൽനിന്നും നോക്കുമ്പോൾ പെരിയാർ നദി അതിമനോഹരമായി കാണാമായിരുന്നു. അങ്ങുദൂരെ വിമാനത്താവളം കാണാമായിരുന്നു. അതിനുശേഷം ഞങ്ങൾ മലയിറങ്ങി 6:45 ഓടെ ഞങ്ങൾ വീട്ടിലേക്കു തിരിച്ചു ......





Sabarinadh.K.B

IX






Priyanka Hareesh

VI

# ഓർമ്മകളുടെ മണിച്ചെപ്പ്

ഗണപതിവിലാസ വിദ്യാലയത്തിന്റെ
തിരുമുറ്റത്തെത്തിയപ്പോൾ ഓർത്തുപോയി
ഓർക്കുന്നു ഞാനാ പഴയ കാലത്തിന്റെ
സ്മൃതികളിലെന്നെ തേടിടുന്നു
അന്ധത മാറ്റിയെൻ ഉള്ള് തുറന്നതും
ഉത്തമ പൗരനായി മാറ്റിയതും
കൂട്ടുകാരോടൊത്ത് ചേരുവാനും
സ്നേഹമെന്തെന്ന് അറിഞ്ഞതും ഇവിടെത്തന്നെ
മാതാപിതാക്കൾക്കു തുല്യമാം ലാളന
തന്നൊരു അധ്യാപകരെ ഓർത്തിടുന്നു
നല്ലൊരു ഭാവിയെ സാധ്യമാക്കി തന്ന
വിദ്യാലയത്തെയും ഞാൻ ഓർത്തിടുന്നു
ഇനിയൊരിക്കൽകൂടി ഈ
വിദ്യാലയത്തിൽ പഠിച്ചീടുവാൻ
എന്ന വിഫല ചിന്തയോടെ
ആ പടി ഞാൻ ഇറങ്ങിയിരുന്നു.



Nandhana N.P
X





Adithyan Biju

VIII

# പ്രഭാതം

എന്നും ഞാൻ ഉണരുമ്പോൾ കേൾക്കുന്ന ശബ്ദം

കിളികൾ മുഴക്കുന്ന ശബ്ദങ്ങളായി

അതിമനോഹരമായ ശബ്ദം

ആരും കൊതിക്കുന്ന ശബ്ദം..........

പണ്ടൊക്കെ ഒരു കുഞ്ഞിക്കിളിയുടെ ശബ്ദം

എപ്പോഴും നമ്മൾ കേൾക്കുമായിരുന്നു

ഇന്നോ അതൊക്കെ വാഹനങ്ങളുടെ

ശബ്ദങ്ങൾ ആയിത്തീർന്നു..........

ആരും കേൾക്കുന്ന കിളിയുടെ ശബ്ദം

ആരും കൊതിക്കുന്ന പ്രകൃതിഭംഗി

ആർക്കും സമയമില്ല ഇന്ന് ആർക്കും സമയമില്ല.......





Nayan Biju

VI

# നെഞ്ച്

കല്ലുകൾ വാരിയിട്ട നെഞ്ചിൽ
കനലുകൾ പൊട്ടുന്ന വേദന
വേദന തുളുമ്പുന്ന നെഞ്ചിൽ
വാരിവിതറുന്ന തേങ്ങൽ ബാക്കി
രൗദ്രഭാവം തുളുമ്പുന്ന വാക്കിൽ
കോരിത്തരിക്കുന്ന പക
രാവുകൾ പകലുകൾ ആകുന്ന നെഞ്ചിൽ
വിസ്ഫോടനത്തിന്റെ താണ്ഡവം
നെഞ്ചിലെ സ്നേഹത്തിൻ പ്രകാശം
കുത്തിയൊലിച്ച് പോകുന്നു
നെഞ്ചിലെ സ്നേഹത്തിൻ വിത്തുകൾ
മായയായി എങ്ങോട്ടോ പോകുന്നു
എങ്ങു പോകുന്നു ? എങ്ങു പോകുന്നു?
മായയായി..... മായയായി എങ്ങു പോകുന്നു?



Anjitha Vijayan
VI

# മലിനമായ തോട്

നോക്കു തോട് മലിനമാകുന്നു

പാടം നികത്തി വന്ന അരി മിൽ

നെല്ലുകുത്തി അതിലെ മാലിന്യങ്ങൾ കുഴലിൽ

കൂടി തോട് ഇതിലേക്ക് അലിയിക്കുന്നു

ജലം അവിടെ കെട്ടി നിൽക്കുന്നു

വിഷമയമായ മാലിന്യങ്ങളാൽ പുഴമീൻ ചാവുന്നു


വെള്ളം കുടിക്കാൻ പറ്റാതാകുന്നു

നിരവധി ജീവികൾ ചത്തൊടുങ്ങുന്നു

നാം എന്തിനീ ക്രൂരത ചെയ്യുന്നു

തിരിച്ച് നമ്മൾ തന്നെ പ്രകൃതിയുടെ പ്രതികാരം

അനുഭവിക്കുന്നു..............





Aparna Haridas

VI

# എന്റെ ഉമ്മ

കാലത്തെഴുന്നേറ്റ് കാപ്പിക്കു നോക്കുമ്പോൾ
കാലം കൈവിട്ട ഉമ്മ
മാറി നിന്നിട്ട് കരയുന്ന നേരത്ത്
കണ്ണീരൊപ്പമെൻ ഉമ്മ
കണ്ണടയും നേരത്ത് ഉമ്മതൻ കൈകളിൽ
കണ്ടു ഞാനാ കത്ത്
കത്തിൽ ഒരായിരം കുത്തുന്ന നൊമ്പര
വാക്കുകൾ ഞാനിന്ന് കണ്ടു
മറക്കുവാൻ ആവാതെ ഉമ്മ തൻ
ചാരത്ത് ഞാനൊന്ന് കരഞ്ഞു
ഉമ്മ തൻ ഓർമ്മകൾ എന്നെ
വീണ്ടും കരയിച്ചു
ഇന്നെന്റെ കണ്ണുനീർ ഒപ്പുവാൻ
ആരുമില്ലെന്ന കാര്യം ഞാനോർത്തു.....





Sabrinath.K.B
IX

# ഒരു മറ

അലയടിക്കുന്ന തിരമാലകൾ പോലെയാണ് വീട്ടിലേക്ക് അന്ന് വെള്ളം അടിച്ചു കയറിയത്. എല്ലാം ഒരു നിമിഷം കൊണ്ട് തലകീഴായി മറിഞ്ഞ ഒരുനാൾ.താഴ്ന്ന പ്രദേശത്ത് പാടത്തിന് അരികിലായിട്ടാണ് ഞങ്ങളുടെ വീട്. അച്ഛനും അമ്മയും ചേട്ടനും അടങ്ങുന്ന ഒരു കൊച്ചു കുടുംബം ആണ് എന്റേത്. എന്റെ പേര് ദിവ്യ . ഒരുപാട് നാളത്തെ കാത്തിരിപ്പിനൊടുവിലാണ് ഞങ്ങൾ എന്റെ അമ്മയുടെ വീട്ടിലേക്ക് പോകുന്നത്. അതുകൊണ്ടുതന്നെയാവാം ഇന്ന് അമ്മ വളരെ സന്തോഷത്തിലാണ്. എനിക്ക് ഏഴു വയസ്സായി. ഇതുവരെ ഞാൻ എൻെറ അമ്മമ്മയെയും അപ്പൂപ്പനെയും മാമന്മാരേയും കണ്ടിട്ടില്ല. പക്ഷേ അമ്മ പറഞ്ഞ കഥകളിൽ നിന്ന് അവരെയെല്ലാം എനിക്കറിയാം. വേഗം നാളെ ആയിരുന്നെങ്കിൽ എന്ന് ഞാൻ ചിന്തിച്ചു പോയി .അമ്മയുടെ വീട് വളരെ വലുതാണ്. നാലുകെട്ടും കുളവും പാടവും പശുക്കുട്ടിയും.... അങ്ങനെ ഒരുപാടൊരുപാട് കാഴ്ചകൾ നിറഞ്ഞതാണ് അവിടം എന്നും അമ്മ പറഞ്ഞിട്ടുണ്ട്.

കൊണ്ടുപോകാനുള്ള സാധനങ്ങൾ എടുത്തുവയ്ക്കുന്ന തിരക്കിലാണ് അമ്മയും അച്ഛനും. രാത്രിയുടെ ഇരുട്ടിനെ ആസ്വദിച്ചിരിക്കുകയാണ് ഞാൻ. മാനത്തെ നക്ഷത്രങ്ങളുടെ എണ്ണമെടുത്തു കൊണ്ടിരുന്ന എന്റെ അടുത്തേക്ക് അപ്പോഴാണ് ചേട്ടൻ വന്നത്. പിന്നെ നാളത്തെ കാര്യങ്ങളെപ്പറ്റി ആയി ഞങ്ങളുടെ സംസാരം. തണുത്ത കാറ്റാണ് പുറത്ത്. കാറ്റിന്റെ ശക്തി വളരെ കൂടുകയാണ്. മുറ്റത്തെ അടയ്ക്കാമരം വല്ലാതങ്ങ് ആടുന്നു. പന്തികേട് ആണ് എന്ന് തോന്നിയപ്പോൾ ഞങ്ങൾ അകത്തേക്ക് പോയി. കാറ്റിന്റെ ദിശയ്ക്ക് അഭിമുഖമായി കരിയിലകൾ വീടിനകത്തേക്ക് ഞങ്ങളുടെ കൂടെ വരാൻ തുടങ്ങി. രാത്രി ഏറെ വൈകിയാണ് ഞാൻ കിടന്നത്.

എന്നാൽ രാവിലെ നേരത്തെ എഴുന്നേൽക്കാൻ ആ ക്ഷീണമൊന്നും എനിക്ക് ഒരു പ്രശ്നമായിരുന്നില്ല.

സൂര്യന്റെ പ്രകാശ രശ്മികളും കിളികളുടെ കൊഞ്ചലുമാണ് അന്നെന്നെ ഉണർത്തിയത്. തണുപ്പാണെങ്കിലും മുറ്റത്തേക്ക് ഞാനിറങ്ങി. അതിശയിപ്പിക്കുന്ന ഒരു കാഴ്ചയാണ് എന്നെ കാത്ത് അവിടെ ഇരുന്നത്. പാടം അല്ല അതൊരു പുഴ തന്നെ. അങ്ങേയറ്റം മുതൽ ഇങ്ങേയറ്റം വരെ പുഴ പോലെയാണ് വെള്ളം ഉണ്ടായിരുന്നത്.

അപ്പോഴാണ് കേൾക്കാൻ ഇഷ്ടപ്പെടാത്ത ഒരു കാര്യം ഞാൻ അച്ഛനിൽനിന്നും കേട്ടത്. ഇന്ന് നമ്മൾ അമ്മയുടെ വീട്ടിലേക്ക് പോകില്ല എന്നായിരുന്നു ആ വാർത്ത. ആ പ്രദേശത്ത് ഞങ്ങൾ ഒരു കുടുംബം മാത്രമാണ് താമസിക്കുന്നത്. അതിനാൽ വെള്ളം കയറിയെന്ന് ഒന്നും ആർക്കും അറിയാൻ കഴിഞ്ഞില്ല. നേരം ഉച്ചയായി വെള്ളം പടി വരെ എത്തി. ടിവിയിലെ ന്യൂസിൽ വെള്ളം കയറിയതും മറ്റും ഞങ്ങൾ അറിയുന്നുമുണ്ട്.

വൈകുന്നേരം ആയപ്പോളേക്കും വെള്ളം അലയടിച്ച് വീട്ടിലേക്ക് കയറി. എല്ലാം തീർന്നു. ഞങ്ങൾ നാലുപേരും വെള്ളത്തിൽ മുങ്ങിയും താണും അങ്ങനെ മരണത്തെയും ജീവിതത്തെയും ഒരുമിച്ച് മുഖാമുഖം എനിക്കവിടെ കാണാൻ സാധിച്ചു . ആരുടെ കരുണയാണ് എന്നറിയില്ല ജീവിതത്തിലേക്ക് കയറാനായി ഒരു കച്ചിതുരുമ്പ് എന്നപോലെ എന്തോ ഒന്ന് എന്റെ കാലിൽ പിണഞ്ഞു . അതിൽനിന്നും പിടിച്ചു കയറിയ ഞാൻ ഒരു മേശയുടെ മുകളിൽനിന്നു. അവിടെനിന്ന് ഞാൻ അച്ഛനെയും അമ്മയെയും ചേട്ടനെയും കുറേ പ്രാവശ്യം വിളിച്ചു. എന്നാൽ ആരും ആ വിളി കേട്ടില്ല. എന്റെ കൺമുൻപിൽ വച്ച് അവർ മൂന്നുപേരും ജീവനുവേണ്ടി പിടയുന്നതും ശ്വാസത്തിനുവേണ്ടി മുങ്ങി താഴുന്നതും ഞാൻ കണ്ടു. കുറച്ചുനേരം കഴിഞ്ഞപ്പോൾ ആ പിടയൽ അവസാനിച്ചു. പിന്നെ ഞാൻ കണ്ടത് മൂന്നു മൃതശരീരങ്ങളെയാണ്.

കണ്ണുതുറന്ന് മരവിച്ച ശരീരമായി അവർ വെള്ളത്തിനു മുകളിൽ കിടക്കുന്നത് ഞാൻ കണ്ടു. നിലവിളിച്ചു കൊണ്ട് ഞാൻ വീണുപോയി. കണ്ണുതുറന്നപ്പോൾ ഞാൻ ആശുപത്രിയിലാണ്. ആദ്യം ഞാൻ ചോദിച്ചത് അച്ഛനെയും അമ്മയെയും ചേട്ടനെയും ആണ്. കണ്ണുകൾക്ക് വിശ്വസിക്കാൻ കഴിയാത്ത പോലെ എന്റെ മുമ്പിൽ അവർ മൂന്നുപേരും നിൽക്കുന്നു. ആദ്യമൊന്ന് ഭയന്നെങ്കിലും അവർ എന്നോട് സംസാരിച്ചപ്പോൾ ആ പേടി എന്നിൽ നിന്നും പോയി. അമ്മയുടെ വാക്കുകൾ ആണ് ആദ്യം ഞാൻ കേട്ടത്. 'മോൾക്ക് എന്താ പറ്റിയെ'?. 'അറിയില്ല' എന്ന് മാത്രമേ എനിക്ക് പറയാൻ പറ്റിയുള്ളൂ. " രാത്രിയിൽ എന്തൊക്കെയോ പിച്ചും പേയും പറയുന്നുണ്ടായിരുന്നു " അച്ഛൻറെ വാക്ക് മുഴുമിപ്പിക്കാതെ ഞാൻ അവരെ കെട്ടിപ്പിടിച്ചു കരഞ്ഞു. സ്വപ്നമാണെന്ന് ബോധ്യംവന്നപ്പോൾ ആ പേടിയും സങ്കടവും ഒരു നിമിഷംകൊണ്ട് അവസാനിച്ചു.





Meenakshy M.S.

IX

# Art Gallery







# Art Gallery










# Art Gallery














SreeLekha PV



AishaAkbar



Meera T



AparnaMohan



Meenakshy MS



AkhilaGopi



AmalSaji



AdharshRajan



Sabarinadh KB



AlanJoy



Anandhakrishnan KS



JoyalGregory



NikhilPhilip



Rajalakshmi KS



Hassan KN



Alex Baby



Chacko Joby



PavanPrakash



AbhinavPradeep



AswinManoj



Abhijith NB



DevPrasad